പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 26 27-06-2022-ൽ മറുപടിയ്ക്ക്

**മെഡിക്കൽ വിദ്യാഭ്യാസ മേഖല**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>ശ്രീ. തോമസ് കെ തോമസ്<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി.വീണാ ജോർജ്<br>(ആരോഗ്യ വനിത-ശിശു-വികസന വകുപ്പമന്ത്രി) | |
| (എ) | മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് സംസ്ഥാനത്തെ ശ്രദ്ധാകേന്ദ്രമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മെഡിക്കൽ, പാരാമെഡിക്കൽ, നേഴ്സിംഗ് യോഗ്യതകൾ ഉള്ളവരുടെ ആവശ്യകത മനസ്സിലാക്കി പ്രസ്തുത മേഖലകളിൽ കൂടുതൽ സർക്കാർ-സ്വാശ്രയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | ബന്ധപ്പെട്ട കൗൺസിലുകൾ/സർവ്വകലാശാലകൾ/ ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ് മുതലായവയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ പൂർണ രീതിയിൽ പ്രവർത്തന സജ്ജമാണെന്ന് റിപ്പോർട്ട് ലഭ്യമാകുന്ന സ്ഥാപനങ്ങൾക്ക് സ്വാശ്രയ മേഖലയിലെ മെഡിക്കൽ,ഡെന്റൽ,പാരാമെഡിക്കൽ, നേഴ്സിംഗ് എന്നീ വിഭാഗങ്ങളിലുള്ള കോളേജുകൾ ആരംഭിക്കുവാൻ അനുമതി നൽകി വരുന്നുണ്ട്.മേൽ പരാമർശിത സ്ഥാപനങ്ങളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇത്തരം സ്വാശ്രയ കോളേജുകളിൽ സീറ്റ് വർദ്ധനവിനുള്ള അനുമതിയും നൽകി വരുന്നുണ്ട്.കൂടാതെ സർക്കാർ മേഖലയിലെ MBBS, PG കോഴ്സുകൾക്കും സീറ്റ് വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്.ഇടുക്കി , കോന്നി സർക്കാർ മെഡിക്കൽ കോളേജുകളിൽ MBBS അഡ്മിഷൻ ആരംഭിക്കുന്നതിന്റെ ഭാഗമായി നാഷണൽ മെഡിക്കൽ കമ്മീഷന്റെ ഇൻസ്പെക്ഷൻ പൂർത്തിയായിട്ടുണ്ട്. കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ഒ.പി ആരംഭിക്കുകയും വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന്റെ |

ഭാഗമായി മാനന്തവാടി ജില്ലാ ആശുപത്രി തൽക്കാലം മെഡിക്കൽ കോളേജായി അപ്ഗ്രേഡ് ചെയ്തിട്ടുമുണ്ട്. കൂടാതെ മാനന്തവാടി താലൂക്കിൽ, ബോയ്സ് ടൌണിൽ ആരോഗ്യ വകുപ്പിൻറെ കീഴിലുള്ള 65 ഏക്കർ ഭൂമി വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിനായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് .സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ബ്രോഡ് സ്പെഷ്യലിറ്റി/സൂപ്പർസ്പെഷ്യലിറ്റി വിഭാഗങ്ങളിൽ പുതുതായി പി.ജി കോഴ്സുകൾ ആരംഭിക്കുകയും നിലവിലുള്ള പി.ജി കോഴ്സുകളുടെ സീറ്റ് എണ്ണം വർധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.കൂടാതെ പാരിപ്പള്ളി,മഞ്ചേരി എന്നിവിടങ്ങളിൽ പുതുതായി സർക്കാർ മേഖലയിൽ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു

(സി) മെഡിക്കൽ വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പുതിയതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

(സി) 1.എല്ലാ മെഡിക്കൽ കോളേജുകളിലും ലാബ് സൗകര്യങ്ങൾ ഒരു കെട്ടിട സമുച്ചയത്തിൽ കേന്ദ്രീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

2. എല്ലാ മെഡിക്കൽ കോളേജിലും കാഷ്വാലിറ്റി സംവിധാനം ആധുനിക വത്കരിക്കുന്നതിനും, എമർജൻസി മെഡിസിൻ വിഭാഗം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

3. എല്ലാ മെഡിക്കൽ കോളേജിലും ഇമെജിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച MRI, CT, Digital X-ray എന്നിവ ഒരു കോംപ്ലക്സിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

4.തിരുവനന്തപുരം ജനറൽ ആശുപത്രി ക്യാമ്പസിലെ അപെക്സ് ട്രോമാ ആന്റ് എമർജൻസി ലേർണിംഗ് സെന്ററിനെ സൗത്ത് ഇന്ത്യയിലെ തന്നെ മികച്ച ട്രെയിനിംഗ് സെന്ററാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

5.എല്ലാ പ്രമുഖ മെഡിക്കൽ കോളേജുകളിലും ഫാമിലി മെഡിസിൻ, ജെറിയാട്രിക്സ്, ക്രിട്ടിക്കൽ കെയർ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

6. എല്ലാ മെഡിക്കൽ കോളേജുകളിലും ഇ-ഹെൽത്ത്, ഇ-സഞ്ജീവനി, ഇ-ഓഫീസ് എന്നിവയുടെ സേവനം പൂർണ്ണതോതിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

7.പുതിയ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ എല്ലാ ആശുപത്രികളിലും ടെലി മെഡിസിൻ സംവിധാനം കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

8. വയോജനങ്ങളുടെ ആരോഗ്യത്തിനും, സുരക്ഷയ്ക്കുമായി എല്ലാ മെഡിക്കൽ കോളേജുകളിലും ജെറിയാട്രിക് വാർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

9. ഊർജസംരക്ഷണത്തിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിൽ സോളാർ എനർജി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

10. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു

11. സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും കാഷ്വാലിറ്റി ഇംപ്രൂവിമെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

12. പഴയ മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി കെയറും, ട്രാൻസ്പ്ലാന്റേഷൻ പ്രോഗ്രാമും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

13.ഫലപ്രദമായ രീതിയിൽ എല്ലാ ആശുപത്രികളിലും മാലിന്യസംസ്കരണം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ രംഗം മികവുറ്റതാക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

**തിരുവനന്തപുരം ഗവ. മെഡിക്കൽ കോളേജ്**

തിരുവന്തപുരം സർക്കാർ മെഡിക്കൽ കോളേജിനെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്നത് ലക്ഷ്യമിട്ട് 717.29 കോടിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കി വരുന്നു. ഇതിൽ 58.37 കോടിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട റോഡ് വികസനം, മേൽപ്പാലം, വൈദ്യുതീകരണ പ്രവർത്തനങ്ങൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. 2.53 കോടിയുടെ മൾട്ടിലെവൽ കാർ പാർക്കിംഗിൻറെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.എയിംസ് നിലവാരത്തിലുള്ള സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്,മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക്, എന്നിവ ഉന്നത നിലവാരത്തിൽ പ്രവർത്തിച്ചു വരുന്നു. അവയവ ദാനം പ്രോത്സാഹിപ്പിക്കുന്നതിനും കാര്യക്ഷമമായി നടപ്പാക്കുന്നതിനും ഡിസീസ് ഡോണർ മൾട്ടി ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ പ്രോഗ്രാം (DDMOTP) എന്ന മൃതസഞ്ജീവനി പദ്ധതിയിലൂടെ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ 250 ദാതാക്കളിലൂടെ 680 അവയവദാനം നടത്തി റിക്കോർഡ് നിലവാരത്തിൽ എത്തിയിട്ടുണ്ട്.

റേഡിയോതെറാപ്പി വിഭാഗത്തിൽ 3.54 കോടിയുടെ ടെലി കൊബാൾട്ട് മെഷീൻ, പീഡിയാട്രിക്ക് കാർഡിയോളജി വിഭാഗത്തിൽ 5.95 കോടിയുടെ കാത്ത് ലാബ്,റേഡിയോതെറാപ്പി വിഭാഗത്തിൽ 18 കോടിയുടെ ലീനിയർ ആക്സിലറേറ്റർ,റേഡിയോഡയഗ്നോസിസ് വിഭാഗത്തിൽ 6 കോടിയുടെ ഡി.എസ്.എ മെഷീൻ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു .

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് കോഴ്സിൽ 250 സീറ്റുകളിൽ എല്ലാ വർഷവും അഡ്മിഷൻ നൽകി വരുന്നു. മെഡിക്കൽ പി.ജി ബ്രോഡ് സ്പെഷ്യാലിറ്റി വിഭാഗത്തിൽ 23 വകുപ്പുകളിലായി 248 സീറ്റുകളിൽ പ്രതി വർഷം അഡ്മിഷൻ നൽകുന്നു. അതോടൊപ്പം പി.ജി സൂപ്പർ സ്പെഷ്യാലിറ്റിയിൽ 14 വിഭാഗങ്ങളിലായി 58 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി വരുന്നു.

വിവിധ പാരാ മെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ പ്രതി വർഷം 255 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകി വരുന്നു. പാരാ മെഡിക്കൽ ബിരുദം, ബിരുദാനന്തര ബിരുദം കോഴ്സുകളിൽ യഥാക്രമം 138, 58 വിദ്യാർത്ഥികൾക്ക് ഈ കോളേജിൽ പ്രവേശനം നൽകി വരുന്നു.കൂടാതെ ഈ കോളേജിൽ 2022-2023 അക്കാഡമിക് വർഷം എം.ഡി. ജെറിയാട്രിക് കോഴ്സ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ആരോഗ്യ സർവ്വകലാശാലയും സംസ്ഥാന സർക്കാരും മെഡിക്കൽ വിദ്യാഭ്യാസ

ഡയറക്ടറേറ്റും കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന വിധത്തിലുള്ള സജ്ജീകരണങ്ങൾ വിവിധ കോഴ്സുകളിൽ നടപ്പാക്കി വരുന്നു.ടി മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ മൂന്ന് പി.ജി സീറ്റുകൾക്ക് നാഷണൽ മെഡിക്കൽ കമ്മീഷണന്റെ അനുമതി ലഭ്യമാക്കി കോഴ്സ് ആരംഭിച്ചു.മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇമ്പ്രൂവ്മെന്റ് ഇനിഷിയേറ്റീവ്എന്ന പദ്ധതി ആരംഭിച്ചു .മറ്റു മെഡിക്കൽ കോളേജുകളിലെ സീനിയർ ഡോക്ടർമാർ കൂടി ഉൾകൊള്ളുന്ന ടീമാണ് മേൽനോട്ട സമിതി .തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുതിയ casuality പ്രവർത്തനമാരംഭിച്ചിട്ടുമുണ്ട്.തിരുവനന്തപുരം SAT ആശുപത്രിയിൽ പീഡിയാടിക് കാർഡിയോളജി വിഭാഗത്തിൽ നൂതന സൗകര്യങ്ങളോടു കൂടി ഹൃദയ ശസ്ത്രക്രിയ വിഭാഗം ആരംഭിച്ചു സർക്കാർ മേഖലയിൽ ആദ്യമായി SAT ആശുപത്രിയിൽ SMA ക്ലിനിക് ആരംഭിച്ചു. സർക്കാർ മേഖലയിൽ ആദ്യത്തെ ന്യൂറോ കാത്ത് ലാബ് (4.16 കോടി) പ്രവർത്തന സജ്ജമാകുന്നു. 100 ICU കിടക്കകളുള്ള പ്രത്യേക ICU ബ്ലോക്ക് ആരംഭിച്ചു.

<u>ആലപ്പുഴ ഗവ. മെഡിക്കൽ കോളേജ്</u>

1. 3D Laparoscopic Camera- Urology Department

ആലപ്പുഴ ഗവ. റ്റി.ഡി. മെഡിക്കൽ കോളേജ് ആശുപത്രയിലെ യൂറോളജി വിഭാഗത്തിൽ 90 ലക്ഷം രൂപ വിലയുള്ള 3D Laparoscopic Camera യും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.

2. 3D/4D Echo Machine  Department of Cardiovascular and Thorasic Sugery

ഹൃദയ ശസ്ത്രക്രിയ രംഗത്ത് ഈ കോളേജ് ആശുപത്രിയുടെ കാർഡിയോ വാസ്കുലർ ആന്റ് തൊറാസിക് സർജറി വിഭാഗം മികച്ച സേവനം കാഴ്ച വയ്ക്കുന്നുണ്ട്. പ്രസ്തുത വിഭാഗത്തിൽ 72.38 ലക്ഷം രൂപ ചിലവിൽ ഒരു 3D/4D Echo Machine (Trans Esophageal Echo) സ്ഥാപിച്ചിട്ടുണ്ട്. ഈ മെഷീന്റെ സഹായത്തോടെ അതിസങ്കീർണ്ണമായ ഹൃദയം തുറന്നുള്ള ശസ്ത്രക്രിയകളുടെ പല വിഷമാവസ്ഥകളും ഒഴിവാക്കുവാനാകും. ശസ്ത്രക്രിയ സമയത്തും ശേഷവും ഹൃദയ വാൽവിന്റെയും അറകളുടെയും പ്രവർത്തനം നിരീക്ഷിക്കുവാനും തുടർ ചികിത്സ എളുപ്പമാക്കുവാനും ഈ മെഷീൻ സഹായകരമാണ്.

3. Video Gastroscope, Colonoscope with Video Processor of light source Department of Gastroenterology

31.44 ലക്ഷം രൂപ മുടക്കി ഗ്യാസ്ട്രോ എൻട്രോളജി വിഭാഗത്തിൽ പ്രസ്തുത ഉപകരണം സ്ഥാപിച്ചിട്ടുണ്ട്.വേഗത്തിലും കൃത്യതയോടെയുമുള്ള രോഗ നിർണ്ണയവും ചികിത്സയും ഇത് ഉറപ്പാക്കുന്നു.

മികച്ച ഹൗസ് കീപ്പിംഗ് സംവിധാനം ഒരുക്കൽ

ശുചീകരണത്തിനുള്ള അത്യാധുനിക ഉപകരണങ്ങൾ കഴിഞ്ഞ രണ്ട സാമ്പത്തിക വർഷങ്ങളിലായി "Waste Treatment Facilities in Medical Colleges/ Hospitals, Waste management in Medical College Hospitals" എന്ന ശീർഷകത്തിൽ അനുവദിച്ച തുക ഉപയോഗിച്ച് താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

1. Two Battery operated side on Floor Scrubber Drier- 12.09 lakhs
2. One Battery operated side on Sweeping Machine - 6 lakhs
3. 20 Back Pack Vaccum Cleaner - 9 lakhs
4. 15 Vaccum Cleaners - 3.6 lakhs
5. 5 Hand held single brush scrubber - 6 lakhs
6. 7 High pressure water jet cleaner - 4.36 lakhs
7. 7 Mini floor cleaning machine - 4 lakhs
8. 10 Saniatary pad disposing machine - 205 lakhs

ആശുപത്രിയിലെ ഹൗസ് കീപ്പിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും അതുവഴി ആശുപത്രയിലെ ശുചീകരണം കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതു കൂടാതെ ഈ പദ്ധതിയിൽ തന്നെ ഉൾപ്പെടുത്തി നിലവിലുള്ള STP നവീകരിക്കുന്നതിനും പുനരുദ്ധീകരിക്കുന്നതിനുമായി 1 കോടി 9 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത പ്രവൃത്തി അവസാനഘട്ടത്തിലുമാണ്.

Centralised Oxygen Pipeline and Beds

ആശുപത്രിയ്ക്ക് രോഗീ സൗഹൃദ അന്തരീക്ഷം ഉറപ്പാക്കുന്നതിനായി അനുവദിച്ച പദ്ധതിയിൽപ്പെടുത്തി കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച 33 ലക്ഷം രൂപയും മറ്റ് ശീർഷകങ്ങളിൽ നിന്നുള്ള 12 ലക്ഷം രൂപയും NHM വഴി ലഭിച്ച തുകയും മറ്റും ഉപയോഗിച്ച് ഓക്സിജൻ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനും അതുവഴി ആശുപത്രിയിലെ 93 ഓക്സിജൻ കിടക്കകളിൽ നിന്ന് 923 കിടക്കകൾ ഓക്സിജൻ കിടക്കകളാക്കി മാറ്റാനും സാധിച്ചു

രോഗീ സൗഹൃദ പദ്ധതി

ഈ പദ്ധതിയുടെ ഭാഗമായി ആശുപത്രി വാർഡുകളിൽ 2.4 ലക്ഷം രൂപ മുടക്കി ടെലിവിഷനുകളും 20.03 ലക്ഷം രൂപ മുടക്കി 50 Patient shifting ട്രോളികളും വാങ്ങിയിട്ടുണ്ട്. ഔട്ട് പേഷ്യന്റ് വിഭാഗം ഹൈടെക്ക് ആക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ അസ്ഥിരോഗ വിഭാഗത്തിൽ 5 ലക്ഷം രൂപ ചിലവിൽ ഇൻഫർമേഷൻ ഡിസ്പ്ല ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

സി.സി.റ്റി.വി നിരീക്ഷണ സംവിധാനം

രോഗീ സൗഹൃദ പദ്ധതിയുടെ ഭാഗമായി ആശുപത്രി കെട്ടിട സമുച്ചയത്തിനുള്ളിൽ 80 ലക്ഷം രൂപ ചിലവഴിച്ച് ഉയർന്ന നിലവാരമുള്ള 160 നിരീക്ഷണ ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതോടൊപ്പം തന്നെ സജ്ജീകരിച്ചിരിക്കുന്ന പൊതു ആശയ വിനിമയ സംവിധാനം വഴി ഹോസ്പിറ്റൽ സ്റ്റാഫുകൾക്കും സന്ദർശകർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകുവാനും സാധിക്കും. ആശുപത്രിയുടെ സുരക്ഷയിൽ ഈ നിരീക്ഷണ ക്യാമറകൾ വലിയ പങ്ക് വഹിക്കുന്നുണ്ട്.

പുതിയതായി സജ്ജീകരിച്ച കോവിഡ് ഐ.സി.യു

വെന്റിലേറ്റർ, മൾട്ടി പാരമീറ്റർ മോണിറ്റർ , സെൻട്രൽ ഓക്സിജൻ എന്നിവയോടു കൂടി പൂർണ്ണമായും ശീതീകരിച്ച 15 ബെഡ് ഐസിയു പുതിയതായി കോവിഡിന് വേണ്ടി സജ്ജീകരിച്ചിട്ടുണ്ട്. നിലവിൽ ഇതിനു പുറമെ 60 ബെഡ് കോവിഡ് ഐസിയു പ്രവർത്തന സജ്ജമാണ്.

നവീകരിച്ച മെഡിക്കൽ എഡ്യൂക്കേഷൻ യൂണിറ്റ്

മെഡിക്കൽ കോളേജിലെ അദ്ധ്യാപകരുടെ അത്യാധുനിക ചികിത്സാ സമ്പ്രദായങ്ങളേയും അദ്ധ്യാപന രീതികളേയു കുറിച്ചുള്ള അറിവ് മെച്ചപ്പെടുത്തുന്നതിനായുള്ള ട്രെയിനിംഗുകൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ ഇവ ഏകോപിപ്പിച്ച നടത്തുന്നതിനായി ഏകദേശം 18 ലക്ഷം രൂപ ചെലവിൽ മെഡിക്കൽ എഡ്യൂക്കേഷൻ യൂണിറ്റ് സജ്ജമാക്കിയിട്ടുണ്ട്.

ഇതിന്റെ പ്രവർത്തനത്തിനായി 2.68 ലക്ഷം രൂപ ചെലവിൽ Spectrum interactive panel, 1.05 ലക്ഷം രൂപ ചെലവിൽ ICD Projector കൂടാതെ ഇന്റർനെറ്റ് കണക്ഷൻ കമ്പ്യൂട്ടറുകൾ, high resolution camera, കോഡ് ലെസ് മൈക്ക് ഇവയും സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ഇതോടനുബന്ധിച്ച് ആശുപത്രിയിൽ ഒരുക്കിയിരിക്കുന്ന സ്കിൽ ലാബിൽ ഈ സാമ്പത്തിക വർഷം 14.8 ലക്ഷം രൂപയുടെ മാനികിൻസ് കൂടി വാങ്ങിയിട്ടുണ്ട്.

സ്ത്രീ സൗഹൃദ വിശ്രമ-മുലയൂട്ടൽ മുറി

18.70 ലക്ഷം രൂപ ഉപയോഗിച്ച് മെഡിക്കൽ കോളേജ് ക്യാമ്പസിൽ സ്ത്രീ സൗഹൃദ വിശ്രമ-മുലയൂട്ടൽ കേന്ദ്രം സജ്ജീകരിച്ചിട്ടുണ്ട്.

കൂടാതെ ഈ കോളേജിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രധാന നിർമ്മാണപ്രവർത്തനങ്ങൾ

1.ട്രോമാകെയർ യൂണിറ്റ്

ദേശീയ പാതയോരത്ത് സ്ഥിതി ചെയ്യുന്ന ഏക മെഡിക്കൽ കോളേജായ ആലപ്പുഴയിൽ ട്രോമ കെയർ യൂണിറ്റിനായി 24.67 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിക്കുന്നു.

2. ഒ & ജി ബ്ലോക്ക്

നബാർഡ് ധന സഹായത്തോടെ 30 കോടി രൂപ മുതൽ മുടക്കിൽ ഒ & ജി ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

3. സ്റ്റെങ്ത്തനിംഗ് ഓഫ് പാരാമെഡിക്കൽ എഡ്യൂക്കേഷൻ

പാരാമെഡിക്കൽ വിദ്യാഭ്യാസം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി ആദ്യ ഗഡുവായി 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക ഉപയോഗിച്ച് വിദ്യാർത്ഥികൾക്കായി ലക്ചറർ ഹാൾ, ഡൈനിംഗ് റൂം , ടോയിലെറ്റ് എന്നിവ നിർമ്മിച്ചു. രണ്ടാം ഘട്ടമായി അനുവദിച്ച് 30 ലക്ഷം രൂപയ്ക്ക് അദ്ധ്യാപകർക്കുള്ള മുറികൾ, ലക്ചറർ ഹാൾ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

4. ക്യാന്റീൻ ബിൽഡിംഗ്

മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ മാനദണ്ഡ പ്രകാരം ക്യാന്റീൻ ബിൽഡിംഗിനായി രണ്ടു ഘട്ടങ്ങളിലായി ഓരോ കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. ആദ്യ ഘട്ടം പണി പൂർത്തിയാകുകയും രണ്ടാം ഘട്ടം പണി പുരോഗമിക്കുകയും ചെയ്യുന്നു.

5. ഓങ്കോളജി ബ്ലോക്ക്

ഓങ്കോളജി ബ്ലോക്കിനായി ആദ്യ ഘട്ടത്തിൽ 3.02 കോടി രൂപ അനുവദിക്കുകയും ടി ബ്ലോക്കിന്റെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

6. സ്ട്രോക്ക് യൂണിറ്റ്

സ്ട്രോക്ക് യൂണിറ്റിന്റെ നിർമ്മാണത്തിനായി 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് നിർമ്മാണം ആരംഭിക്കുന്നതിനായി പി.ഡബ്ലിയു.ഡിക്ക് കൈമാറിയിട്ടുണ്ട്.

7. പി.എം.എസ്.എസ്.വൈ ബ്ലോക്ക്

പി.എം.എസ്.എസ്.വൈ പദ്ധതി പ്രകാരം 120 കോടി രൂപ കേന്ദ്ര ഫണ്ടും 53.18 കോടി രൂപ സംസ്ഥാന വിഹിതവും ചേർത്ത് 173.18 കോടി രൂപ മുതൽ മുടക്കിൽ പുതിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. ടി സംവിധാനം ഉടൻ തന്നെ ഉദ്ഘാടന സജ്ജമാകുന്നതാണ്.

**<u>തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജ്</u>**

തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിൽ വൈവിദ്ധ്യമുള്ള ചികിത്സ ലഭിക്കുന്നതിനായി 277.76 കോടി രൂപ ചെലവിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക അനുമതി നൽകിയിട്ടുണ്ട്.

അമ്മമാർക്കും കുട്ടികൾക്കും പ്രത്യേക ശ്രദ്ധയും ചികിത്സയും ലഭിക്കുന്നതിനായി 285.54 കോടി രൂപ ചെലവിൽ മദർ & ചൈൽഡ് ബ്ലോക്കിന്റെ

നിർമ്മാണത്തിനായി സാമ്പത്തികാനുമതിക്കായി കിഫ്ബിയിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

വീട്ടിലിരുന്ന് ഡോക്ടറുടെ സേവനം ലഭ്യമാക്കുന്ന ഓൺലൈൻ സംവിധാനമായ ഇ സഞ്ജീവനി തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിൽ ആരംഭിച്ചിട്ടുണ്ട്.അക്കാദമിക് നിലവാരം ഉയർത്തുന്നതിന് മൂല്യനിർണ്ണയം വേഗത്തിലും സുതാര്യവുമാക്കുന്നതിനായി E - valuation സംവിധാനം കേരളത്തിൽ ആദ്യമായി തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിൽ നടപ്പിലാക്കി. തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിൽ വയോധികരുടെ ക്ഷേമത്തിനും ചികിത്സക്കുമായി ദേശീയ തലത്തിലുള്ള ജെറിയാട്രിക്സ് റിസർച്ച് സെന്റർ ആരംഭിക്കുന്നതിനുള്ള

പ്രാരംഭ നടപടികൾ തുടരുന്നു.

തൃശ്ശൂർ ഗവ.മെഡിക്കൽ കോളേജിൽ താഴെ പറയുന്ന നൂതന ചികിത്സ സംവിധാനങ്ങൾ നിലവിലുണ്ട്.

External Beam Radiotherapy (EBRT)
Brachy Therapy
External Beam Radiotherapy (EBRT)

തൃശ്ശൂർ മെഡിക്കൽ കോളേജിൽ 6.91 കോടി രൂപ മുതൽ മുടക്കി എം.ആർ.ഐ സ്കാനിംഗ് മെഷീൻ സ്ഥാപിക്കുവാൻ അനുമതി നൽകി

**<u>കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ്</u>**

മെഡിക്കൽ പി.ജി സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച് കൊണ്ട് ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനും രോഗികൾക്ക് ആവശ്യമായ ചികിത്സാ സംവിധാനം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആശുപത്രി രോഗീ സൗഹൃദമാക്കുന്നതിനായി പദ്ധതി വിഹിതം ഉപയോഗിച്ച് കൊണ്ട് ആവശ്യമായ വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന ഡോക്ടർമാരെയും നഴ്സുമാരെയും സ്ഥിരപ്പെടുത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.കണ്ണൂർ മെഡിക്കൽ കോളേജിൽ ആവശ്യമായ ഡോക്ടർമാരെ നിയമിച്ച് പ്ലാസ്റ്റിക് സർജറി വിഭാഗം പുതുതായി ആരംഭിച്ചു .അത്യാധുനിക ഉപകരണങ്ങൾ വാങ്ങി മെച്ചപ്പെട്ട ചികിത്സ ഏർപ്പെടുത്തുന്നുണ്ട്.ഇ-ഹെൽത്ത് പദ്ധതി മുഖേന ഡിജിറ്റൽ സംവിധാനങ്ങൾ ഏർപ്പെടുത്തി ചികിത്സ എളുപ്പമാക്കുന്നുണ്ട്.പുതിയ കോഴ്സുകൾ തുടങ്ങുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കാസ്പ്, കാരുണ്യ തുടങ്ങിയ സർക്കാരിന്റെ സാമൂഹ്യ ചികിത്സാ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് രോഗികൾക്ക് സാമ്പത്തിക ബുദ്ധിമുട്ടില്ലാതെ ചികിത്സ നൽകാൻ കഴിയുന്നു.ഫാക്കൽറ്റി എൻറോൾമെന്റ്

പ്രോഗ്രാം/ എസ്.ബി.എം.ആർ എന്നിവയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ചു കൊണ്ട് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും റിസർച്ച്/ട്രെയിനിംഗ് പ്രോഗ്രമുകൾ നടത്തുന്നുണ്ട്.സ്കിൽ ലാബുകൾ സ്ഥാപിച്ച്കൊണ്ട് വിദ്യാഭ്യാസ നിലവാരം ഉയർത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.Exam മൂല്യനിർണ്ണയം വേഗത്തിലാക്കുന്നതിനായി ഈ സ്ഥാപനത്തിൽ ഡിജിറ്റൽ ഇവാല്യുവേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ മെഡിക്കൽ കോളേജിന് ഹോസ്റ്റൽ നിർമ്മാണത്തിനായി 50.87 കോടി രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്. 29.78 കോടി രൂപ ചെലവഴിച്ച് നവീകരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ട്രോമാ കെയർ നിർമാണത്തിനായി 57.69 കോടിയുടെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്.

**മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ്**

നിലവിലുണ്ടായിരുന്ന ജനറൽ ആശുപത്രി മെഡിക്കൽ കോളേജായി ഉയർത്തിയതു കാരണം കൂടുതൽ മെച്ചപ്പെട്ട ചികിത്സ സൗജന്യമായി ഏർപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്.എം.ആർ.ഐ ഉൾപ്പെടെയുള്ള ആധുനിക ചികിത്സ ഉപകരണങ്ങൾ സ്ഥാപിച്ച് പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.ഒഫ്ത്താൽമോളജി,ഇ.എൻ.ടി,ഡെർമറ്റോളജി എന്നിവയിൽ എം.ഡി കോഴ്സുകൾക്ക് അനുമതി ലഭിച്ചു .സർക്കാർ സഹായത്തോടെ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സ്പെഷ്യാലിറ്റി/ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു വരുന്നു.ക്രിട്ടിക്കൽ കെയർ യൂണിറ്റ് അനുവദിച്ചതു മുഖേന അടിയന്തിര അത്യാധുനിക ചികിത്സ ലഭ്യമാക്കുന്നതിനു സാധിച്ചു

**കൊല്ലം ഗവ.മെഡിക്കൽ കോളേജ്**

കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഗവേഷണങ്ങൾ നടത്തുന്നതിനും വിവിധ തരത്തിലുള്ള വിഷയാധിഷ്ഠിതമായ പരിശീലനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.ടി മെഡിക്കൽ കോളേജിൽ കാത്ത് ലാബ് പ്രവർത്തന സജ്ജമാക്കി.പി.ജി കോഴ്സ് ആരംഭിക്കുന്നതിനുള്ള സജ്ജീകരണങ്ങളൊരുക്കി NMC പരിശോധന പൂർത്തിയാക്കി .

**എറണാകുളം ഗവ.മെഡിക്കൽ കോളേജ്**

എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം ദ്രുതഗതിയിൽ നടന്നു വരുന്നു. എറണാകുളം മെഡിക്കൽ കോളേജിൽ കേന്ദ്ര സഹായത്തോടെ പുതുതായി എമർജൻസി ആൻഡ് ക്രിട്ടിക്കൽ കെയർ ബ്ലോക്ക് ആരംഭിക്കുന്നതിനായി 23 .75 കോടി

രൂപ അനുവദിച്ചു.നൂതന സംവിധാനത്തോടെയുള്ള എമർജൻസി കെയർ,ക്രിട്ടിക്കൽ കെയർ,അത്യാഹിത വിഭാഗം എന്നിവ ഈ ബ്ലോക്കിൽ സജ്ജമാക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. 283 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

**<u>ഇടുക്കി ഗവ.മെഡിക്കൽ കോളേജ്</u>**

ഇടുക്കി മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് അഡ്മിഷൻ സാദ്ധ്യമാക്കുന്നതിന് വേണ്ടി നിലവിലെ ജില്ലാ ആശുപത്രിയും അനുബന്ധ കെട്ടിടങ്ങളും കൂട്ടിചേർത്തുകൊണ്ട് മെഡിക്കൽ കോളേജ് പ്രവർത്തനമാരംഭിച്ചു. ഡി.എം.ഒ ഓഫീസിനെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ ആക്കി മാറ്റി.ഫാർമക്കോളജി,പാത്തോളജി ലെക്ചർ ഹാളുകൾ എന്നിവയും നിർമിച്ചു.50 കുട്ടികൾക്കുള്ള അഡ്മിഷനുവേണ്ടി അക്കാഡമിക് ബ്ലോക്ക് നിർമിച്ച് ഉദ്ഘാടനം നിർവഹിച്ചു.ആശുപത്രി ബ്ലോക്ക് 1 പൂർത്തീകരിച്ച് ഒ.പി.ആർ.ടി.പി.സി.ആർ ലാബുകൾ, റേഡിയോളജി വിഭാഗം എന്നിവ പ്രവർത്തിച്ചു വരുന്നു.ഡോക്ടർമാർക്കും വിദ്യാർത്ഥികൾക്കും താമസസൗകര്യം ഏർപ്പെടുത്തുന്നതിനായി റെസിഡൻഷ്യൽ ഫെസിലിറ്റീസ് നിർമാണം നടന്നു വരുന്നു. ടി മെഡിക്കൽ കോളേജിൽ പുതിയ കെട്ടിടം പൂർത്തീകരിച്ച് ഐ.പി ആരംഭിച്ചു.നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമാക്കുന്നതിനായി സജ്ജീകരണങ്ങളൊരുക്കി ആവശ്യമായ ജീവനക്കാരെ നിയമിച്ചു .

**<u>കോട്ടയം ഗവ. മെഡിക്കൽ കോളേജ്</u>**

കേരളത്തിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി.മെഡിക്കൽ എഡ്യുക്കേഷന്റെ റീജണൽ സെന്ററായി കോട്ടയം മെഡിക്കൽ കോളേജ് ഉയർത്തപ്പെട്ടിട്ടുണ്ട്. കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഇത് സഹായകരമാണ്. വിദ്യാർത്ഥികളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് 1 കോടി 10 ലക്ഷം രൂപ മുതൽ മുടക്കിൽ സ്ഥാപിക്കപ്പെട്ട കേന്ദ്ര സഹായത്തോടെ സ്കിൽ സെന്ററിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.കുട്ടികളുടേയും അധ്യാപകരുടെയും ഗവേഷണ നിലവാരം ഉയർത്തുന്നതിനായി മൾട്ടി ഡിസിപ്ലിനറി ഗവേഷണ യൂണിറ്റ് കേന്ദ്ര സഹായം കൂടി ചേർത്ത് 1 കോടി 73 ലക്ഷം രൂപ ചിലവിൽ പൂർത്തിയായി വരുന്നു.ഇന്ത്യയിൽ ആദ്യമായി ഗവൺമെന്റ് സെക്ടറിൽ കോട്ടയം മെഡിക്കൽ കോളേജിൽ DM Infectious Disease course ആരംഭിച്ചു.CSSD, BSc perfusion Technology, BSc Dialysis, BCVT തുടങ്ങിയ കൂടുതൽ പാരാമെഡിക്കൽ ഡിഗ്രി/ ഡിപ്ലോമ കോഴ്സുകൾ കോട്ടയം മെഡിക്കൽ കോളേജിൽ ആരംഭിച്ചിട്ടുണ്ട്.പി.ജി സീറ്റുകൾ വർദ്ധിപ്പിച്ചു.KUHS ന്റെ സഹായത്തോടുകൂടി വിദ്യാർത്ഥികളുടെ

ക്ഷേമം മൂൻ നിർത്തി അക്കാഡമിക് മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നു.കരിക്കുലത്തിന്റെ ഭാഗമായി റൂറൽ ഏരിയാകളിലെ സേവനവും അതുവഴിയുള്ള അനുഭവജ്ഞാനവും വിദ്യാർത്ഥികൾക്ക് നിർബന്ധമാക്കി. കോട്ടയം മെഡിക്കൽ കോളേജിൽ 268 കോടിയുടെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുന്നതിന് അനുമതി നൽകി. 10.71 കോടി രൂപ ചെലവിൽ ഇൻഫക്ഷ്യസ് ഡിസീസസ് ബ്ലോക്ക് നിർമ്മിക്കുന്നതിന് അനുമതി നൽകി.

**കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ്**

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പുതിയ ഒപി ആൻഡ് ഡയഗ്നോസ്റ്റിക് ബ്ലോക്ക് നിർമ്മാണത്തിന് കിഫ്ബി സഹായത്തോടെ 187.കോടി രൂപയുടെ ഭരണാനുമതി നൽകി M/s HITES നെ നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ പ്ലാസ്റ്റിക് സർജറി വിഭാഗത്തിൽ പ്രവർത്തിച്ചുവരുന്ന ബേൺസ് യൂണിറ്റിന് പ്രത്യേക ബ്ലോക്ക് നിർമ്മിക്കുന്നതിനായി 6.579 കോടിയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതുവഴി വഴി തീപ്പൊള്ളലേൽക്കുന്ന രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യാൻ കഴിയുന്നതാണ്.

സാംക്രമിക രോഗങ്ങളുടെ ചികിത്സാക്കായി ഐസൊലേഷൻ ബ്ലോക്ക് നിർമ്മാണത്തിന് 25 കോടിയുടെ കിഫ്ബി സഹായത്തോടെ ഭരണാനുമതി നൽകി M/sHITES നെ നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്..നിലവിലുള്ള ഡ്രഗ് സ്റ്റോർ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക ഡ്രഗ് സ്റ്റോർ നിർമാണത്തിന് 4 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.കാൻസർ രോഗനിർണയത്തിന്,ഏറ്റവും ആധുനിക സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി പെറ്റ്,സി.ടി സ്കാൻ ഉപകരണം വാങ്ങി, പ്രവർത്തനം തുടങ്ങാനുള്ള അന്തിമ നടപടികൾ സ്വീകരിച്ച് വരുന്നു.അക്കാദമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾ ക്കായുള്ള പരീക്ഷാ ഹാളിന്റെ മൂന്നാം നില നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു. മൂല്യ നിർണയ സംവിധാനം , ഡിജിറ്റലാകുന്നതിന്റെ ഭാഗമായി ,കോഴിക്കോട് മെഡിക്കൽ കോളേജിൽ മൂല്യ നിർണയ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് .വൈറസ് രോഗങ്ങളുടെ അതിവേഗത്തിലുള്ള രോഗ നിർണയ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി ബയോ സേഫ്റ്റി ലെവൽ-3 ലാബിന്റെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.പാരാമെഡിക്കൽ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന് ഭാഗമായി ആയി പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്

ആരംഭിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവർത്തികൾ തുടങ്ങുന്നതിനുള്ള നടപടികൾ PWD സ്വീകരിച്ചു വരുന്നു.വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി, .ഹൌസ് സർജൻസിനായുള്ള ഹോസ്റ്റലിന്റെ നിർമ്മാണത്തിന് 7.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാനുള്ള നടപടികൾ PWD സ്വീകരിച്ചു വരുന്നു.കാൻസർ രോഗ ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓങ്കോളജി ആന്റ് ടെർഷ്യറി കെയർ സെന്ററിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു.ഇ -ഹെൽത്ത് പദ്ധതിയിൽ ചികിത്സാ രേഖകൾ ഡിജിറ്റലാക്കുന്നതിനുള്ള പ്രവർത്ത നങ്ങൾ നടന്നു വരുന്നു. വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ആൺകുട്ടികൾക്കായുള്ള പുതിയ ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്.പ്രമേഹ രോഗികളായ കുട്ടികൾക്കുള്ള ,ഡയബറ്റിക് ക്ലിനിക്കിന്റെ പ്രവർത്തനം ,മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ നടന്നു വരുന്നു.നവജാത ശിശുക്കൾക്ക് മുലപ്പാൽ ലഭ്യമാക്കുന്നതിനായി, മിൽക്ക് ബാങ്കിന്റെ പ്രവർത്തനം മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ നടന്നു വരുന്നു.റോഡ് അപകടങ്ങളിൽ പരിക്ക് പറ്റുന്ന രോഗികൾക്ക് മെച്ചപ്പെട്ട അടിയന്തിര ചികിത്സ നൽകുന്നതിനായി പ്രത്യക ട്രോമാ കെയർ യുണിറ്റ് ആരംഭിക്കുന്നതിനായി 8 കോടിയുടെ അനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിയോ നാറ്റോളജി വിഭാഗം പുതിയതായി ആരംഭിച്ചു

**കോന്നി മെഡിക്കൽ കോളേജ്**

കോന്നി മെഡിക്കൽ കോളേജിൽ ഒ.പി, ഐ.പി, അത്യാഹിത വിഭാഗം ആരംഭിച്ചു. അക്കാദമിക് ബ്ലോക്ക് പൂർത്തീകരിച്ചു. അതി നൂതനമായി സി.ടി സ്കാൻ സജ്ജമാക്കാൻ 4.95 കോടി രൂപ അനുവദിച്ചു. ആദ്യ വർഷ എം.ബി.ബി.എസ് കോഴ്സുകൾ ആരംഭിക്കാൻ സജീകരണങ്ങളൊരുക്കുന്നതിന് കിഫ്ബി വഴി 19.64 കോടി രൂപ അനുവദിച്ചു. നാഷണൽ മെഡിക്കൽ കമ്മീഷന്റെ അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ സജീകരണങ്ങളൊരുക്കി ജീവനക്കാരെ നിയമിച്ചു. കോന്നി മെഡിക്കൽ കോളേജിന്റെ വിപുലീകരണത്തിന് രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനം ത്വരിത ഗതിയിൽ ആരംഭിച്ചു.

സെക്ഷൻ ഓഫീസർ